# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2461 — 12/06/2018-ൽ മറുപടിക്ക്

### വൈദ്യുതി ഉല്പാദന-ഉപഭോഗ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ

| | ചോദ്യം<br>**ശ്രീ.പി.കെ. ശശി** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ ദൈനംദിന വൈദ്യുതി ഉപഭോഗം എത്രയെന്നും ഉല്പാദനം എത്രയെന്നും വിതരണം ചെയ്യുന്ന വൈദ്യുതിയ്ക്ക് ഈടാക്കുന്ന വില നിലവാരം എത്ര എന്നും വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സാമ്പത്തിക വർഷം (2017-18) സംസ്ഥാനത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം 66.82 ദശലക്ഷം യൂണിറ്റും ഉത്പാദനം പ്രതിദിനം 16.34 ദശലക്ഷം യൂണിറ്റും, ഒരു യൂണിറ്റ് വൈദ്യുതിയിൽ നിന്നു ലഭിച്ച വരുമാനം 5.49 രൂപയും ആയിരുന്നു. |
| (ബി) | മുൻ സർക്കാർ അധികാരത്തിലെത്തുമ്പോഴുള്ള ഇവ സംബന്ധിച്ച വിശദാംശം എന്ത് എന്നും എത്ര പ്രാവശ്യം എത്ര തുകയുടെ വർദ്ധനവ് നടത്തി എന്നും പ്രസ്തുത സർക്കാർ അധികാരമൊഴിയുമ്പോഴുള്ള ഇവയുടെ അവസ്ഥ എന്ത് എന്നും വ്യക്തമാക്കുമോ; | (ബി) | മുൻസർക്കാർ അധികാരത്തിൽ വന്ന 2011-12 സാമ്പത്തിക വർഷം സംസ്ഥാനത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം 52.89 ദശലക്ഷം യൂണിറ്റും ഉത്പാദനം പ്രതിദിനം 22.65 ദശലക്ഷം യൂണിറ്റും, ഒരു യൂണിറ്റ് വൈദ്യുതിയിൽ നിന്നു ലഭിച്ച വരുമാനം 3.46 രൂപയും ആയിരുന്നു.<br>മുൻസർക്കാരിന്റെ ഭരണ കാലത്ത് (2011-2012 മുതൽ 2015-16 വരെ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മൂന്നുതവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിരുന്നു. വിശദാംശം ചുവടെ ചേർത്തിരിക്കുന്നു. |

| സാമ്പത്തിക വർഷം | പ്രാബല്യ തീയതി | അധിക വരുമാനം | വർദ്ധനവ് |
|---|---|---|---|
| 2012-13 | 01/07/2012 | 1652.36 കോടി രൂപ | 24% |
| 2013-14 | 01/05/2013 | 642.37 കോടി രൂപ | 9.1% |
| 2014-15 | 16/08/2014 | 963.40 കോടി രൂപ | 6.7% |

2014-15 ലെ നിരക്കുകളുടെ പ്രാബല്യം 2015-16, 2016-17 വർഷങ്ങളിലേയ്ക്ക് കൂടി കമ്മീഷൻ ദീർഘിപ്പിച്ചിരുന്നു.

(സി) ഈ സർക്കാർ വൈദ്യുതി ഉത്പാദനത്തിലും വൈദ്യുതി ചാർജിലും വരുത്തിയ മാറ്റങ്ങൾ, വൈദ്യുതി ഉല്പാദന രംഗത്തെ മെച്ചപ്പെട്ടുത്തലുകൾ, വൈദ്യുതി ഉപഭോഗത്തിന് നൽകുന്ന ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇവയുടെ അടിസ്ഥാനത്തിൽ വൈദ്യുതി ഉപഭോഗരംഗത്തും ഉല്പാദനരംഗത്തും ഈ സർക്കാർ കൈവരിച്ച നേട്ടങ്ങൾ എന്ത് എന്നും വ്യക്തമാക്കുമോ?

(സി) & (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 22.10 മെഗാവാട്ട് ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ, 17 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി പദ്ധതികൾ, 92.967 മെഗാവാട്ട് ശേഷിയുള്ള സൗരപദ്ധതികൾ എന്നിങ്ങനെ മൊത്തം 132.067 മെഗാവാട്ട് സ്വകാര്യസംരംഭകരുടേതുൾപ്പെടെ സാദ്ധ്യമാക്കി.

വിപുലമായ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിലൂടെ ഉപഭോഗത്തിലെ വൻ വർദ്ധന ഒഴിവാക്കിയിട്ടുണ്ട്. എൽ.ഇ.ഡി കളുടെ വിതരണം, പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളുടെ ആവിർഭാവം, ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങൾക്ക് നൽകിയ പ്രചാരം എന്നിവ എടുത്തു പറയേണ്ടതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 17.04.2017 ൽ കമ്മീഷൻ ചില ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കുകൾ പരിഷ്കരിച്ചിരുന്നു. 2017-18 വർഷം അതു വഴി 550 കോടി രൂപയുടെ അധികവരുമാനം ഉണ്ടാകുമെന്ന് ആണ് കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്. നിരക്ക് വർദ്ധനയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

വൈദ്യുതി ഉപഭോഗത്തിനു നൽകിവരുന്ന ആനുകൂല്യങ്ങൾ താഴെ പറയുന്നു.

| **ഉപഭോക്തൃ വിഭാഗം** | **ആനുകൂല്യം** |
|---|---|
| ഗാർഹികം – 500 വാട്സിൽ താഴെ ലോഡ്, പ്രതിമാസ ഉപഭോഗം 20 യൂണിറ്റ് വരെ | വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത് ഒഴിവാക്കിയിരിക്കുന്നു. വൈദ്യുതി ചാർജ്ജ് മുഴുവൻ സർക്കാർ സബ്സിഡി നൽകുന്നു. |
| ഗാർഹികം – 1000 വാട്സിൽ താഴെ ലോഡ്, പ്രതിമാസ | യൂണിറ്റിന് 35 പൈസ സബ്സിഡി നൽകുന്നു. |

(---3)

| | | | | |
|---|---|---|---|---|
| | | | ഉപഭോഗം 40 യൂണിറ്റ് വരെ ഉള്ള ബി.പി.എൽ വിഭാഗം | |
| | | | ഗാർഹികം – പ്രതിമാസ ഉപഭോഗം 120 യൂണിറ്റ് വരെ | സിംഗിൾ ഫേസ് ഫിക്സഡ് ചാർജ്ജിൽ 20 രൂപയും യൂണിറ്റിന് 50 പൈസയും സബ്സിഡി നൽകുന്നു |
| | | | ഗാർഹികം – ജീവൻ രക്ഷാഉപകരണങ്ങൾ വേണ്ട രോഗികൾ | വൈദ്യുതി സൗജന്യം. 100 യൂണിറ്റ് വരെ വൈദ്യുതി ബോർഡും ബാക്കി സർക്കാരും സൗജന്യം നൽകുന്നു. |
| | | | ഗാർഹികം – കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിതരിൽ പ്രതി മാസം 250 യൂണിറ്റ് വരെ ഉപയോഗിക്കുന്നവർ | ആദ്യത്തെ 150 യൂണിറ്റ് വരെ കുറഞ്ഞ 1.50 രൂപ നിരക്ക് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നു. |
| | | | ഗാർഹികം – 1000 വാട്സിൽ താഴെ ലോഡ്, പ്രതിമാസ ഉപഭോഗം 40 യൂണിറ്റ് വരെ ഉള്ള ബി.പി.എൽ. വിഭാഗം | ഫിക്സഡ് ചാർജ്ജ ഒഴിവാക്കി, നിരക്ക് യൂണിറ്റിന് 1.50 രൂപ മാത്രം ആയും കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നു. |
| | | | കാർഷികം – ഭക്ഷ്യവിളകൾ, പഴം-പച്ചക്കറി കൃഷി, ഏലം, കാപ്പി കൃഷി എന്നിവയ്ക്ക് | യൂണിറ്റിന് 85 പൈസ സർക്കാർ സബ്സിഡി നൽകുന്നു. |

സെക്ഷൻ ഓഫീസർ

2461

അനുബന്ധം

# 2017-18 - വർഷത്തേക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വൈദ്യുതി നിരക്കുകൾ - സംഗ്രഹം

## ഭാഗം (എ) - ലോ ടെൻഷൻ

**ഗാർഹികം - എൽ ടി 1**

| പ്രതിമാസ ഫിക്സഡ് ചാർജ്ജ് (രൂപ/കണക്ഷൻ) | | നിരക്ക് (രൂപ / യൂണിറ്റ്) |
|---|---|---|
| സിംഗിൾ ഫേസ് ഉപഭോക്താക്കൾ | | 30 |
| ത്രീഫേസ് ഉപഭോക്താക്കൾ | | 80 |
| **എനർജി ചാർജ്ജ് (രൂപ യൂണിറ്റ്)** | | |
| *പ്രതിമാസ ഉപഭോഗം (യൂണിറ്റിൽ)* | *നിരക്ക് (രൂപ / യൂണിറ്റ്)* | *കുറിപ്പ്* |
| 0-40 | 1.50* | ടെലിസ്കോപ്പിക് |
| 0-50 | 2.90 | |
| 51-100 | 3.40 | |
| 101-150 | 4.50 | |
| 151-200 | 6.10 | |
| 201-250 | 7.30 | |
| 0-300 | 5.50 | നോൺ ടെലിസ്കോപ്പിക് |
| 0-350 | 6.20 | |
| 0-400 | 6.50 | |
| 0-500 | 6.70 | |
| 500 യൂണിറ്റിന് മുകളിൽ | 7.50 | |

**പ്രതിമാസം 80 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന, 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഉപഭോക്താക്കൾക്ക് മാത്രം ബാധകം*

*പ്രതിമാസം 240 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ 25.07.2012 ലെ ഉത്തരവ്പ്രകാരമുള്ള താരിഫ് വർദ്ധനവിൽ നിന്നും ഗവൺമെൻറ് സബ്സിഡി നൽകി ഒഴിവാക്കിയിട്ടുണ്ട്. (80 യൂണിറ്റ് വരെ-35 പൈസ, 81 യൂണിറ്റ് മുതൽ 240 യൂണിറ്റ് വര -50 പൈസ)*

*പ്രതിമാസം 240 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കളെ ഫിക്സഡ് ചാർജ്ജ് (പ്രതിമാസ 20 രൂപ മാത്രം) ഒടുക്കുന്നതിൽ നിന്നും സബ്സിഡി നൽകി ഒഴിവാക്കിയിട്ടുണ്ട്.*

*പ്രതിമാസം 80 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന, 1000 വാട്ട്സ് വരെ കണക്ടഡ്ലോഡുള്ള, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെ ഫിക്സഡ് ചാർജ്ജിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.*

*പ്രതിമാസം 40 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന, 500 വാട്ട്സ് വരെ കണക്ടഡ്ലോഡുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി സൗജന്യമായി നൽകി വരുന്നു*

*എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചില നിബന്ധനകൾക്ക് വിധേയമായി ആദ്യത്തെ 150 യൂണിറ്റിന് 1.50 രൂപ നിരക്കിലാണ് വൈദ്യുതി നൽകി വരുന്നത്.*

**എൽ ടി II - കോളനികൾ**

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഫിക്സഡ് ചാർജ്ജ് (രൂപ/കണക്ഷൻ) | 30 (ഒരു ഗാർഹിക കണക്ഷന്) |
| എനർജി ചാർജ്ജ് (രൂപ യൂണിറ്റ്) | (അതാതു കണക്ഷന്റെ നിരക്ക്) |

**എൽ ടി III(എ ) - താത്കാലിക കണക്ഷനുകൾ**

| ഇനം | നിരക്ക് |
|---|---|
| എനർജി ചാർജ്(രൂപ /യൂണിറ്റ്) | 14 |
| അഥവാ | |
| (പ്രതിദിന മിനിമം ചാർജ്ജ് (കിലോ വാട്ടിന് രൂപയിൽ ) ഏതാണോ കൂടുതൽ | 140 |

**എൽ ടി III(ബി)- താത്കാലിക എക്സ്റ്റൻഷൻ**

| ഇനം | നിരക്ക് |
|---|---|
| (പ്രതിദിന ഫിക്സഡ് ചാർജ്ജ് (രൂപ/കിലോവാട്ട്) | 65 |

**എൽ ടി IV (എ ) - ചെറുകിട വ്യവസായങ്ങൾ**

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഫിക്സഡ് ചാർജ്ജ് | |
| കണക്ടഡ് ലോഡ് 10 കിലോവാട്ടിൽ താഴെ (രൂപ/കണക്ഷൻ) | 100 |
| കണക്ടഡ് ലോഡ് 10 കിലോവാട്ടു മുതൽ 20 കിലോവാട്ട് വരെ (രൂപ/കിലോവാട്ട്) | 75 |
| കണക്ടഡ് ലോഡ് 20 കിലോവാട്ടിനു മുകളിൽ (രൂപ/കിലോവാട്ട്) | 150 |
| എനർജി ചാർജ് (രൂപ /യൂണിറ്റ്) | 5.50 |

**എൽ ടി IV (ബി ) - സോഫ്റ്റ്‌വെയർ വ്യവസായം.**

സോഫ്റ്റ്‌വെയർ വ്യവസായം, അക്ഷയ ഇ സെൻററുകൾ, സോഫ്റ്റ്‌വെയർ അനുബന്ധ സേവനങ്ങളിലേർപ്പെട്ട എസ്.എസ്.ഐ രജിസ്ട്രേഷനുള്ള കമ്പ്യൂട്ടർ കൺസൾട്ടൻസി സർവ്വീസ് യൂണിറ്റുകൾ, ഡെസ്ക്ടോപ് പബ്ലിഷിംഗ് സോഫ്റ്റ്‌വെയർ യൂണിറ്റുകൾ, കാൾ.സെൻററുകൾ

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഫിക്സഡ് ചാർജ്ജ് | |
| കണക്ടഡ് ലോഡ് 10 കിലോവാട്ടിൽ താഴെ (രൂപ/കണക്ഷൻ) | 100 |
| കണക്ടഡ് ലോഡ് 10 കിലോവാട്ടു മുതൽ 20 കിലോവാട്ട് വരെ (രൂപ/കിലോവാട്ട്) | 60 |
| കണക്ടഡ് ലോഡ് 20 കിലോവാട്ടിനു മുകളിൽ (രൂപ/കിലോവാട്ട്) | 125 |
| എനർജി ചാർജ് (രൂപ /യൂണിറ്റ്) | 6.00 |

**എൽ ടി V (എ) - കാർഷികം**

ധാന്യങ്ങൾ, പച്ചക്കറികൾ,പയർ വർഗ്ഗങ്ങൾ, പഴങ്ങൾ വെറ്റില, കുരുമുളക്, നാളികേരം, അടയ്ക്കാ മുതലായവയുടെ കൃഷിക്കാവശ്യമായ ജലസേചനം, ലിഫ്റ്റ് ഇറിഗേഷൻ ,ഡീവാട്ടറിങ് എന്നിവ.

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഫിക്സഡ് ചാർജ്ജ് (രൂപ/കിലോവാട്ട്) | 8.00 |
| എനർജി ചാർജ് (രൂപ /യൂണിറ്റ്) | 2.00 |

*ഗവൺമെൻറ് സബ്സിഡി നൽകി 25.07.2012 ലെ ഉത്തരവ്പ്രകാരമുള്ള താരിഫ് വർദ്ധനവിൽ നിന്നും എൽ ടി V (എ) കാർഷിക ഉപഭോക്താക്കളെ ഒഴിവാക്കിയിട്ടുണ്ട്. സബ്സിഡി -85 പൈസ*

**എൽ ടി V (ബി ) - കാർഷികം**

കോഴി വളർത്തൽ, പട്ടുനൂൽപുഴു വളർത്തൽ, മുയൽ വളർത്തൽ എന്നീ കേന്ദ്രങ്ങളും കന്നുകാലി വളർത്തൽ കേന്ദ്രം, പന്നി വളർത്തൽ കേന്ദ്രം, അഗ്രികൾച്ചറൽ നഴ്സറികൾ, അക്വാകൾച്ചർ, ടിഷ്യൂ കൾച്ചർ, പുഷ്പകൃഷി, കൂൺകൃഷി,

ചെമ്മീൻകൃഷി, മത്സ്യ വളർത്തൽ കേന്ദ്രങ്ങൾ (അലങ്കാര മത്സ്യങ്ങൾ ഉൾപ്പെടെ), സംയോജിത കന്നുകാലി വളർത്തലും ക്ഷീരശാലകളും, ഹാച്ചറികൾ, മീൻവളർത്തലും മുട്ടവിരിയിക്കലും ഇല്ലാത്ത ചീനവല ഉപഭോക്താക്കൾ എന്നിവ.

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഫിക്സഡ് ചാർജ്ജ് (രൂപ/കിലോവാട്ട്) | 8.00 |
| എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | 2.50 |

**എൽ .ടി VI (എ) - ജനറൽ**

ആരാധനാലയങ്ങൾ, ഗവൺമെൻറ് ആശുപത്രികൾ, ഗവൺമെൻറ് /എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവ

| ഇനം | | നിരക്ക് |
|---|---|---|
| പ്രതിമാസ ഫിക്സഡ് ചാർജ്ജ് (രൂപ/കിലോവാട്ട്) | | 50 |
| എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | 500 യൂണിറ്റ് വരെ | 5.50 |
| | 500 യൂണിറ്റിന് മുകളിൽ | 6.30 |

**എൽ .ടി VI (ബി) - ജനറൽ**

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും ബോർഡുകളുടെയും ഓഫീസുകൾ, ഗവൺമെൻറ് ഉടമസ്ഥതയിലുള്ള ഹോസ്റ്റലുകൾ മുതലായവ

| ഇനം | | നിരക്ക് |
|---|---|---|
| പ്രതിമാസ ഫിക്സഡ് ചാർജ്ജ് (രൂപ/കിലോവാട്ട്) | | 70 |
| എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | 500 യൂണിറ്റ് വരെ | 6.30 |
| | 500യൂണിറ്റിന് മുകളിൽ | 7.00 |

**എൽ .ടി VI (സി) - ജനറൽ**

ബാങ്കുകൾ , ഇൻകംടാക്സ് ഓഫീസുകൾ മുതലായവ

| ഇനം | | നിരക്ക് |
|---|---|---|
| പ്രതിമാസ ഫിക്സഡ് ചാർജ്ജ് ((രൂപ/കിലോവാട്ട്) | | 180 |
| എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | 500 യൂണിറ്റ് വരെ | 7.00 |
| | 500 യൂണിറ്റിന് മുകളിൽ | 8.50 |

**എൽ .ടി VI (ഡി) - ജനറൽ**

അനാഥാലയങ്ങൾ മുതലായവ

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഫിക്സഡ് ചാർജ്ജ് (രൂപ/കിലോവാട്ട്) | 0 |
| എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | 1.80 |

**എൽ .ടി VI (ഇ)- ജനറൽ**

ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ച രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ, ലൈബ്രറികൾ , വാട്ട്സിൽ താഴെകണക്റ്റഡ് ലോഡുള്ള സ്പോർട്ട്സ് ആൻറ് ആർട്സ് ക്ലബ്ബുകൾ (2000 വാട്സ് വരെ), തുഴച്ചിൽ/ നീന്തൽ പരിശീലന കേന്ദ്രങ്ങൾ, ജിംനേഷ്യം മുതലായവ

| ഇനം | നിരക്ക് |
|---|---|
| **പ്രതിമാസ ഫിക്സഡ് ചാർജ്ജ് (രൂപ/കണക്ഷൻ)** | |
| സിംഗിൾ ഫേസ് ഉപഭോക്താക്കൾ | 30 |
| ത്രീഫേസ് ഉപഭോക്താക്കൾ | 80 |
| **എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്)** | |

| പ്രതിമാസ ഉപഭോഗം | നിരക്ക് (രൂപ /യൂണിറ്റ്) |
|---|---|
| 1-50 യൂണിറ്റ് വരെ | 3.10 |
| 51-100 യൂണിറ്റ് വരെ | 4.10 |
| 101-200 യൂണിറ്റ് വരെ | 4.80 |
| 200 യൂണിറ്റിന് മുകളിൽ | 6.50 |

**എൽ ടി VI (എഫ്) - ജനറൽ**

കമ്പ്യൂട്ടർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ AIR ൻെറയും ദൂരദർശൻെറയും ഓഫീസുകളും സ്ഥാപനങ്ങളും, റേഡിയോ സ്റ്റേഷനുകൾ, മുതലായവ

| ഇനം | നിരക്ക് |
|---|---|
| **പ്രതിമാസ ഫിക്സഡ് ചാർജ് (രൂപ/കിലോവാട്ട്)** | |
| സിംഗിൾ ഫേസ് ഉപഭോക്താക്കൾ | 60 |
| ത്രീഫേസ് ഉപഭോക്താക്കൾ | 120 |
| **എനർജി ചാർജ് (രൂപ /യൂണിറ്റ്)** | |
| പ്രതിമാസ ഉപഭോഗം(യൂണിറ്റിൽ) | പുതുക്കിയ നിരക്ക്(രൂപ /യൂണിറ്റ്) |
| 100 യൂണിറ്റ് വരെ | 5.80 |
| 200 യൂണിറ്റ് വരെ | 6.50 |
| 300 യൂണിറ്റ് വരെ | 7.20 |
| 500 യൂണിറ്റ് വരെ | 7.80 |
| 500 യൂണിറ്റിന് മുകളിൽ | 9.00 |

**എൽ ടി VI (ജി)** - **(18.04.2017 മുതൽ പ്രാബല്യത്തിൽ വന്ന പുതിയ വിഭാഗം)**

പ്രൈവറ്റ് ആശുപത്രികൾ, പ്രൈവറ്റ് ക്ലിനിക് ലാബുകൾ, പ്രൈവറ്റ് ബ്ലഡ് ബാങ്കുകൾ, പ്രൈവറ്റ് എക്സറേ യൂണിറ്റുകൾ, പ്രൈവറ്റ് മോർച്ചറികൾ, പ്രൈവറ്റ് സ്കാനിങ്ങ് സെൻററുകൾ, തുടങ്ങിയ മറ്റ് ആരോഗ്യരക്ഷാ കേന്ദ്രങ്ങൾ

| ഇനം | നിരക്ക് |
|---|---|
| **പ്രതിമാസ ഫിക്സഡ് ചാർജ് (രൂപ/കണക്ഷൻ)** | |
| സിംഗിൾ ഫേസ് ഉപഭോക്താക്കൾ | 60 |
| ത്രീഫേസ് ഉപഭോക്താക്കൾ | 180 |
| **എനർജി ചാർജ് (രൂപ /യൂണിറ്റ്)** | |
| പ്രതിമാസ ഉപഭോഗം | |
| 500 യൂണിറ്റ് വരെ | 5.50 |
| 501-1000 യൂണിറ്റ് വരെ | 6.50 |
| 1001-2000 യൂണിറ്റ് വരെ | 7.50 |
| 2000 യൂണിറ്റിന് മുകളിൽ | 8.50 |

**എൽ ടി VII (എ)- വാണിജ്യം ഹോട്ടലുകൾ, പ്രൈവറ്റ് ഹോസ്റ്റലുകൾ മുതലായവ**

| ഇനം | | നിരക്ക് |
|---|---|---|
| പ്രതിമാസ ഫിക്സഡ് ചാർജ് (രൂപ/കിലോവാട്ട്) | സിംഗിൾ ഫേസ് | 60 |
| | ത്രീ ഫേസ് | 120 |
| എനർജി ചാർജ് (രൂപ /യൂണിറ്റ്) | 100 യൂണിറ്റ് വരെ | 6.00 |
| | 200 യൂണിറ്റ് വരെ | 6.70 |
| | 300 യൂണിറ്റ് വരെ | 7.40 |
| | 500 യൂണിറ്റ് വരെ | 8.00 |
| | 500യൂണിറ്റിന് മുകളിൽ | 9.30 |

**എൽ ടി VII (ബി)- വാണിജ്യം** *1000 വാട്ട്സിനു താഴെയുള്ള കടകൾ, ടെലിഫോൺ ബൂത്തുകൾ മുതലായവ*

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഫിക്സഡ് ചാർജ് (രൂപ/കിലോവാട്ട്) | 40 |

| | | |
|---|---|---|
| എനർജി ചാർജ് (രൂപ /യൂണിറ്റ്) | 100 യൂണിറ്റ് വരെ | 5.00 |
| | 200 യൂണിറ്റ് വരെ | 5.70 |
| | 300 യൂണിറ്റ് വരെ | 6.30 |

*എൽ ടി VII(ബി) ഉപഭോക്താക്കളുടെ പ്രതിമാസ ഉപഭോഗം 300 യൂണിറ്റിൽ കൂടുതലായാൽ VII(എ) താരിഫിലുള്ള എനർജി ചാർജ്ജ് ഈടാക്കേണ്ടതാണ്.*

**എൽ ടി VII(സി)- വാണിജ്യം സിനിമാ തീയേറ്ററുകൾ, സർക്കസ് സ്ഥാപനങ്ങൾ മുതലായവ**

| ഇനം | | നിരക്ക് |
|---|---|---|
| പ്രതിമാസ ഫിക്സഡ് ചാർജ് (രൂപ/കിലോവാട്ട്) | | 90 |
| എനർജി ചാർജ് (രൂപ /യൂണിറ്റ്) | 1000 യൂണിറ്റ് വരെ | 5.90 |
| | 1000 യൂണിറ്റിന് മുകളിൽ | 7.30 |

**എൽ ടി VIII - തെരുവുവിളക്കുകൾ**

| എൽ ടി – VIII (A) – മീറ്ററിങ് ചെയ്യാത്ത തെരുവ് വിളക്കുകൾ | | | | |
|---|---|---|---|---|
| വിളക്കുകൾ | വാട്സ് | രൂപ/വിളക്ക്/മാസം<br>ഒരു ദിവസം കത്തുന്ന സമയം | | |
| | | 4 മണിക്കൂർ | 6 മണിക്കൂർ | 12 മണിക്കൂർ |
| ബൾബ് | 40 | 22 | 33 | 66 |
| ബൾബ് | 60 | 33 | 50 | 102 |
| ബൾബ് | 100 | 55 | 84 | 167 |
| ട്യൂബ് ലൈറ്റ് | 40 | 22 | 33 | 66 |
| ട്യൂബ് ലൈറ്റ് | 80 | 44 | 66 | 134 |
| ഫ്ളഡ് ലൈറ്റ് | 1000 | 559 | 838 | 1677 |
| മെർക്കുറി വേപ്പർ വിളക്ക് | 80 | 51 | 70 | 143 |
| മെർക്കുറി വേപ്പർ വിളക്ക് | 125 | 75 | 112 | 222 |
| മെർക്കുറി വേപ്പർ വിളക്ക് | 160 | 96 | 143 | 286 |
| മെർക്കുറി വേപ്പർ വിളക്ക് | 250 | 149 | 222 | 447 |
| മെർക്കുറി വേപ്പർ വിളക്ക് | 400 | 239 | 356 | 714 |
| സോഡിയം വേപ്പർ വിളക്ക് | 70 | 42 | 64 | 125 |
| സോഡിയം വേപ്പർ വിളക്ക് | 80 | 48 | 70 | 143 |
| സോഡിയം വേപ്പർ വിളക്ക് | 100 | 59 | 89 | 178 |
| സോഡിയം വേപ്പർ വിളക്ക് | 125 | 75 | 112 | 222 |
| സോഡിയം വേപ്പർ വിളക്ക് | 150 | 89 | 134 | 267 |
| സോഡിയം വേപ്പർ വിളക്ക് | 250 | 149 | 222 | 447 |
| സി.എഫ്.എൽ. | 11 | 5 | 8 | 16 |
| സി.എഫ്.എൽ. | 15 | 7 | 11 | 22 |
| സി.എഫ്.എൽ. | 18 | 9 | 13 | 26 |
| സി.എഫ്.എൽ. | 22 | 11 | 16 | 32 |
| സി.എഫ്.എൽ. | 30 | 15 | 22 | 44 |
| സി.എഫ്.എൽ. | 36 | 17 | 26 | 53 |
| സി.എഫ്.എൽ. | 44 | 21 | 32 | 64 |
| സി.എഫ്.എൽ. | 72 | 35 | 53 | 105 |
| സി.എഫ്.എൽ. | 144 | 70 | 105 | 210 |
| എൽ.ഇ.ഡി | 12 | 3 | 4 | 9 |
| എൽ.ഇ.ഡി | 18 | 4 | 7 | 14 |
| എൽ.ഇ.ഡി | 20 | 5 | 7 | 15 |
| എൽ.ഇ.ഡി | 24 | 6 | 9 | 20 |
| എൽ.ഇ.ഡി | 30 | 7 | 11 | 25 |
| എൽ.ഇ.ഡി | 40 | 10 | 15 | 30 |
| എൽ.ഇ.ഡി | 45 | 11 | 16 | 35 |
| 12 മണിക്കൂർ കത്തുന്ന പകുതി ഉയരത്തിലുള്ള ഹൈമാസ്റ്റിൽ ഉറപ്പിച്ച മെർക്കുറി വേപ്പർ വിളക്ക് | 1200 | | | 2160 |
| 12 മണിക്കൂർ കത്തുന്ന പകുതി ഉയരത്തിലുള്ള ഹൈമാസ്റ്റിൽ ഉറപ്പിച്ച സോഡിയം വേപ്പർ വിളക്ക് | 250 | | | 450 |

എൽ ടി VIII-B - തെരുവു വിളക്കുകൾ, ട്രിഫിക് സിഗ്നൽ ലൈറ്റുകൾ

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഫിക്സഡ് ചാർജ് (രൂപ/മീറ്റർ) | 40 |
| എനർജി ചാർജ് (രൂപ /യൂണിറ്റ്) | 3.90 |

എൽ ടി IX - ഡിസ്പ്ലേ ലൈറ്റുകൾ, ഹോർഡിങ്ങുകൾ, പബ്ലിസിറ്റിക്കു വേണ്ടിയുള്ള ഇല്യൂമിനേഷൻ ലൈറ്റുകൾ മുതലായവ

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഫിക്സഡ് ചാർജ് (രൂപ/കണക്ഷൻ) | 500 |
| എനർജി ചാർജ് (രൂപ /യൂണിറ്റ്) | 12.50 |

## ഭാഗം (ബി) - ഹൈടെൻഷൻ/എക്സ്ട്രാ ഹൈടെൻഷൻ

എച്ച്.ടി I (എ)- വൻകിട വ്യവസായങ്ങൾ

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഡിമാൻറ് ചാർജ് (രൂപ/ കെ.വി.എ) | 300 |
| എനർജി ചാർജ് (രൂപ /യൂണിറ്റ്) | 5.50 |

എച്ച്.ടി I (ബി) - സോഫ്റ്റ്‌വെയർ വ്യവസായം, സോഫ്റ്റ്‌വെയർ അനുബന്ധ സേവനങ്ങൾ മുതലായവ

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഡിമാൻറ് ചാർജ് (രൂപ/ കെ.വി.എ) | 300 |
| എനർജി ചാർജ് (രൂപ /യൂണിറ്റ്) | 5.80 |

എച്ച്.ടി II - ജനറൽ (A)

ആരാധനാലയങ്ങൾ, ഗവൺമെൻറ് ആശുപത്രികൾ, ഗവൺമെൻറ് /എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവ

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഡിമാൻറ് ചാർജ് (രൂപ/ കെ.വി.എ) | 350 |
| എനർജി ചാർജ് (രൂപ /യൂണിറ്റ്) | 5.40 |

എച്ച്.ടി II ജനറൽ (B) പ്രൈവറ്റ് ആശുപത്രികൾ ,ബാങ്കുകൾ

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഡിമാൻറ് ചാർജ് (രൂപ/ കെ.വി.എ) | 400 |
| എനർജി ചാർജ് (രൂപ /യൂണിറ്റ്) | |
| 30000 യൂണിറ്റ് വരെ (എല്ലാ യൂണിറ്റിനും) | 6.20 |
| 30000 യൂണിറ്റിന് മുകളിൽ(എല്ലാ യൂണിറ്റിനും) | 7.20 |

എച്ച്.ടി III (എ)- കാർഷികം

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഡിമാൻറ് ചാർജ് (രൂപ/ കെ.വി.എ) | 170 |
| എനർജി ചാർജ് (രൂപ /യൂണിറ്റ്) | 2.80 |

എച്ച്.ടി III (ബി)- കാർഷികം

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഡിമാൻറ് ചാർജ് (രൂപ/ കെ.വി.എ) | 170 |
| എനർജി ചാർജ് (രൂപ /യൂണിറ്റ്) | 3.30 |

## എച്ച്.ടി IV - വാണിജ്യം

| ഇനം | | നിരക്ക് |
|---|---|---|
| പ്രതിമാസ ഡിമാൻറ് ചാർജ്ജ് (രൂപ/ കെ.വി.എ) | | 400 |
| എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | 30000 യൂണിറ്റ് വരെ (എല്ലാ യൂണിറ്റിനും) | 6.30 |
| | 30000 യൂണിറ്റിന് മുകളിൽ(എല്ലാ യൂണിറ്റിനും) | 7.30 |

## എച്ച്.ടി V - ഗാർഹികം

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഡിമാൻറ് ചാർജ്ജ് (രൂപ/ കെ.വി.എ) | 350 |
| എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | 5.50 |

## ഇ.എച്ച്.ടി വ്യവസായങ്ങൾ

| ഇനം | 66 കെ.വി നിരക്ക് | 110 കെ.വി നിരക്ക് | 220 കെ.വി നിരക്ക് |
|---|---|---|---|
| പ്രതിമാസ ഡിമാൻറ് ചാർജ്ജ് (രൂപ/ കെ.വി.എ) | 300 | 290 | 280 |
| എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | 5.20 | 5.10 | 4.70 |

## ഇ.എച്ച്.ടി (വാണിജ്യം) 66 / 110 / 220 കെ.വി

എൽ ടി -VI-A വിഭാഗത്തിൽ ഇ എച്ച് ടി കണക്ട് ചെയ്ത കൺസ്യൂമേർസിന് ബാധകമായ താരിഫ്

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഡിമാൻറ് ചാർജ്ജ് (രൂപ/ കെ.വി.എ) | 400 |
| എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | |
| 60,000 യൂണിറ്റിൽ താഴെ | 6.10 |
| 60,000 യൂണിറ്റിന് മുകളിൽ | 7.10 |

## ഇ.എച്ച്.ടി (ജനറൽ)(എ)-66 / 110/220 കെ.വി

LT-VI-A വിഭാഗത്തിൽ ഇ എച്ച് ടി കണക്ട് ചെയ്ത കൺസ്യൂമേർസിന് ബാധകമായ താരിഫ്

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഡിമാൻറ് ചാർജ്ജ് (രൂപ/ കെ.വി.എ) | 300 |
| എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | 5.00 |

## ഇ.എച്ച്.ടി (ജനറൽ) (ബി) - 66 / 110/220 കെ.വി

വിമാനത്താവളം, ISRO, സാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് ഇതര വിഭാഗങ്ങളിൽപ്പെടാത്ത ഇ എച്ച് ടി കൺസ്യൂമേർസ്

| ഇനം | | നിരക്ക് |
|---|---|---|
| പ്രതിമാസ ഡിമാൻറ് ചാർജ്ജ് (രൂപ/ കെ.വി.എ) | | 370 |
| എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | 60000 യൂണിറ്റ് വരെ | 5.80 |
| | 60000 യൂണിറ്റിന് മുകളിൽ | 6.80 |

## റയിൽവേ ട്രാക്ഷൻ 110 കെ.വി

| ഇനം | നിരക്ക് |
|---|---|
| പ്രതിമാസ ഡിമാൻറ് ചാർജ്ജ് (രൂപ/കെ.വി.എ) | 250 |
| എനർജി ചാർജ്ജ് (രൂപ/യൂണിറ്റ്) | 5.10 |

**കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KMRL)**

| ഇനം | നിരക്ക് |
| --- | --- |
| പ്രതിമാസ ഡിമാൻറ് ചാർജ്ജ് (രൂപ/ കെ.വി.എ) | 250 |
| എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | 4.80 |

**ലൈസൻസികൾക്കുള്ള താരിഫ്**

| നം | ലൈസൻസി | പ്രതിമാസ ഡിമാൻറ് ചാർജ്ജ് (രൂപ/ കെ.വി.എ) | എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) |
| --- | --- | --- | --- |
| 1 | KPUPL | 300 | 5.60 |
| 2 | CSEZ | 300 | 5.40 |
| 3 | RPL | 300 | 4.55 |
| 4 | Technopark | 300 | 5.20 |
| 5 | CPT | 300 | 6.00 |
| 6 | Thrissur Corporation | 300 | 5.85 |
| 7 | KDHPCL | 300 | 4.60 |
| 8 | MES | 350 | 5.60 |
| 9 | Pudusserry | 350 | 5.60 |
| 10 | Karnataka | 350 | 5.60 |
| 11 | Infopark | 300 | 5.50 |

*ബാധ്യതാ നിരാകരണം: സംസ്ഥാന റെഗുലേറ്ററി കമ്മിഷൻ 17.04.17 ൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരമുള്ള താരിഫ് നിരക്കുകളുടെ സംഗ്രഹമാണ് മുകളിൽ ഉള്ളത്. എന്നാൽ കമ്മിഷൻ ഉത്തരവും മേൽ സംഗ്രഹവും തമ്മിൽ വ്യത്യാസം ഉണ്ടാകുന്ന പക്ഷം കമ്മിഷൻ ഉത്തരവ് (ഗസറ്റ് നം. 782 വാല്യം 6, 2017 ഏപ്രിൽ 21) ആയിരിക്കും പ്രാബല്യം ഉണ്ടാവുക.*